നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ 5 ലക്ഷം വരെ ജനസംഖ്യയും വേണം. കൂടാതെ ഭൂമിശാസ്ത്രപരവും, സാമൂഹികവുമായ പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

77 (2225) പതിച്ചു നൽകി പുറംമ്പോക്ക് ഭൂമി തിരിച്ചെടുക്കാൻ നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ ജംഗ്ഷനിൽ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് പുറമ്പോക്ക് സർക്കാർ ഭൂമി ആരുടെയെങ്കിലും പേരിൽ പാട്ടത്തിനോ പതിച്ചോ നൽകിയിട്ടുണ്ടോ; എങ്കിൽ ആരുടെ പേരിൽ എത്ര സെന്റ് ഭൂമിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമിയിൽ സ്ഥിരമായോ താൽക്കാലികമായതോ ആയ കെട്ടിടം പണിതിട്ടുണ്ടോ; എങ്കിൽ ഇതിന് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ ഭൂമി അനുവദിച്ചത് എന്ത് ഉദ്ദേശത്തിനാണോ ആ ഉദ്ദേശം നടപ്പിലാവുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ കെട്ടിടത്തിൽ സി.പി.ഐ (എം)-ന്റെ വഞ്ചിയൂർ ലോക്കൽ കമ്മിറ്റി ഓഫീസും ഡി.വൈ.എഫ്.ഐ.യുടെ വഞ്ചിയൂർ ഏരിയാ കമ്മിറ്റി ഓഫീസും പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ ജംഗഷനിൽ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് ആരുടെയും പേരിൽ സർക്കാർ ഭൂമി പാട്ടത്തിനോ പതിച്ചോ നൽകിയിട്ടില്ല. എന്നാൽ ടി വില്ലേജിൽ വഞ്ചിയൂർ ജംഗഷനിൽ സർവെ 1680-ൽ ഉൾപ്പെട്ട ഉദ്ദേശം ഒന്നര സെന്റ് പുറംമ്പോക്ക് സ്ഥലത്ത് സാക്ഷരതാ ഭവൻ പ്രവർത്തിച്ചുവരുന്നു.

(ബി) ടി പുറമ്പോക്ക് സ്ഥലത്ത് ഒരു താൽക്കാലിക ഷെഡ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. അതിന് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നറിയില്ല.

(സി) ബാധകമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

78 (2226) സൗജന്യമായി സ്ഥലം കൊടുക്കുന്ന സ്കീമിൽ ഗവൺമെന്റ് നൽകിയ സ്ഥലങ്ങൾ

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പാടം ഇല്ലാത്തവർക്കും റോഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്കും വീട് വയ്ക്കുന്നതിന് സൗജന്യമായി സ്ഥലം കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര രൂപയ്ക്ക് എത്രപേർക്ക് സ്ഥലം നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ;

(സി) കോട്ടയം ജില്ലയിലെ പുതുപ്പള്ളി, പനച്ചിക്കാട്, മീനടം, പാമ്പാടി, കുരോപ്പട, പള്ളിക്കത്തോട്, അലകുന്നം, അയർകുന്നം എന്നീ പഞ്ചായത്തുകളിൽ ഈ സ്കീമിൽ ആർക്കെങ്കിലും സ്ഥലം കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ പഞ്ചായത്തുകളിൽനിന്നും ഇതിന് വേണ്ടി ലഭിച്ച അപേക്ഷകൾ ഗവൺമെന്റ് പരിഗണനയിൽ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ വകുപ്പിന്റെ പദ്ധതി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2,49,61,173/- രൂപയ്ക്ക് 2520 പേർക്ക് സ്ഥലം വാങ്ങികൊടുത്തിട്ടുണ്ട്. 1998-99 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതി ഗ്രാമ പഞ്ചായത്ത് മുഖേനയാണ് നടപ്പാക്കുന്നത്. ആയതിനാൽ 1998-99-ന് ശേഷമുള്ള വിവരം ശേഖരിച്ച് അറിയിക്കാം.

(ബി) ഇല്ല.

(സി)(ഡി)&(ഇ) ഇത് സംബന്ധിച്ച വിവരം കോട്ടയം ജില്ലാ കളക്ടറിൽ നിന്ന് അടിയന്തിരമായി ശേഖരിച്ച് സഭയെ അറിയിക്കാം.

79 (2228) റവന്യൂക്കാർഡ് വിതരണം

ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡ് വിതരണം ഇപ്പോൾ എത്ര താലൂക്കുകളിൽ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ചിറയിൻകീഴ് താലൂക്കിലെ റവന്യൂകാർഡ് വിതരണം എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ;

(സി) ഈ പരിപാടി മറ്റു സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും നടപ്പാക്കിയിട്ടുള്ളതായി അറിവുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലാണ് ഇപ്പോൾ റവന്യൂകാർഡ് വിതരണം നടക്കുന്നത്.

(ബി) പറവൂർ താലൂക്കിലെ റവന്യൂകാർഡ് വിതരണം വിശകലനം ചെയ്ത്, 2000 ഡിസംബറിനകം സംസ്ഥാനത്ത് മുഴുവൻ റവന്യൂകാർഡ് വിതരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി)&(ഡി) തമിഴ്നാട്ടിൽ പ്രധാനമായും ഭൂവുടമകളേയും സ്വന്തമായി വീടുള്ളവരേയും ഉദ്ദേശിച്ചുകൊണ്ടുള്ള 'പട്ടാ പാസ്ബുക്കും' കർണ്ണാടകയിൽ 'പട്ടാ ബുക്കും' കർഷകരെ സംബന്ധിച്ചുള്ള 'കൃഷി' പാസ്ബുക്കും, ആന്ധ്രാ

LIBRARY ARCHIVES Kerala Legislative Assembly